ശ്രീ. ടി. എം. ജേക്കബ് : ഈ വാര്യരുടെ പല ചെയ്തികളെക്കുറിച്ചും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനെത്തുടർന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ആ സ്കൂളിൽ പോകുകയും അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ ചട്ടങ്ങൾക്ക് വിരുദ്ധമായി കൃഷ്ണവാര്യർ പെരുമാറിയിട്ടുണ്ടെങ്കിൽ അത് ഞങ്ങൾക്ക് ബോദ്ധ്യമായാൽ തീർച്ചയായും ഈ വാര്യരുടെ പേരിലും അദ്ദേഹത്തിന്റെ സ്കൂളിന്റെ പേരിലും നടപടി സ്വീകരിക്കുന്നതാണ്.

അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനം

* 194. [214] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനത്തെ സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡം ഗവൺമെന്റ് നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) ഇപ്പോൾ അദ്ധ്യാപകരായി ജോലി നോക്കുന്ന ഇത്തരം ആൾക്കാർക്ക് ഗവൺമെന്റ് നിരക്കിലുള്ള ശമ്പളവും മറ്റു ആനുകൂല്യങ്ങളും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ഇത്തരം അദ്ധ്യാപകർക്ക് സർക്കാർ സർവ്വീസിൽ ജോലി ലഭിക്കുമ്പോൾ ഈ സർവ്വീസുംകൂടി കണക്കാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഒരു നിശ്ചിത സർവ്വീസുള്ള അദ്ധ്യാപകരെ ഇത്തരം സ്കൂളുകളിൽനിന്നും പിരിച്ചയക്കാതിരിക്കാനുള്ള എന്തെങ്കിലും വ്യവസ്ഥ ഉണ്ടാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ;

(ഇ) പ്രസ്തുത അദ്ധ്യാപകരുടെ ജോലിഭാരം കുറയ്ക്കുവാനും അവരുടെ ജോലിസ്ഥിരത ഉറപ്പുവരുത്തുവാനും കൂടുതൽ എന്തെങ്കിലും പദ്ധതികൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിന് ബാധകമായ എല്ലാ യോഗ്യതകളും അംഗീകൃത അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിനും ബാധകമാണ്.

(ബി) അൺ എയിഡഡ് വിദ്യാലയങ്ങളിലെ സ്റ്റാഫിന്റെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച് സർക്കാർ യാതൊരു ചട്ടങ്ങളും ഉണ്ടാക്കിയിട്ടില്ല.

(സി) പരിഗണനയിലിരിക്കുകയാണ്.

(ഡി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ഇ) ഇല്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ : സംസ്ഥാനത്ത് അൺ എയിഡഡ് സ്കൂളുകളിലെ ആയിരക്കണക്കിന് അദ്ധ്യാപകൻമാർക്ക് തുച്ഛമായ ശമ്പളമാണ് ഇപ്പോൾ നൽകുന്നത്. ഇവരെ മാനേജുമെന്റ് ഇഷ്ടംപോലെ പിരിച്ചുവിടുകയും ചെയ്യുന്നുണ്ട്. ഇവർക്ക് ന്യായമായ ശമ്പളവും ജോലി സ്ഥിരതയും കൊടുപ്പിക്കുന്നതിനുവേണ്ടി സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : അൺ എയിഡഡ് സ്ക്കൂളുകളെ സംബന്ധിച്ച് നമ്മുടെ സംസ്ഥാനത്ത് ചില ചട്ടങ്ങളും നിബന്ധനകളും നിലവിലുണ്ട്. അൺ എയിഡഡ് സ്ക്കൂളുകളിൽ ചേരുന്ന അദ്ധ്യാപകർക്കു തന്നെയറിയാം അവർക്ക് പ്രത്യേകമായൊരു സാലറി നിശ്ചയിച്ചുകൊണ്ടല്ല അവിടെ നിയമനം കിട്ടുന്നതെന്ന്. എന്നിരുന്നാലും അൺ എയിഡഡ് സ്ക്കൂളുകളിലെ മാനേജർമാരുമായി ഞാൻ ഇക്കാര്യത്തെക്കുറിച്ച് ചർച്ച നടത്തുകയും ഇവർക്ക് നല്ലയിനത്തിലുള്ള ശമ്പളം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അവരോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ : അൺ എയിഡഡ് സ്ക്കൂളുകൾ അനുവദിക്കുന്നതുമൂലം സർക്കാർ എയിഡഡ് സ്ക്കൂളുകളിലെ ആയിരക്കണക്കിന് അദ്ധ്യാപകൻമാരുടെ ജോലി നഷ്ടപ്പെടുത്തുന്നതുകൊണ്ട് മേലിലെങ്കിലും ഇത്തരം കച്ചവടം അവസാനിപ്പിക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : അദ്ദേഹത്തിന്റെ നിഗമനം ശരിയല്ല. അൺ എയിഡഡ് സ്ക്കൂളുകൾ അനുവദിക്കുന്നതുകൊണ്ട് അദ്ധ്യാപകർക്ക് ജോലി നഷ്ടപ്പെടുന്നില്ല.

വാട്ടർ ചാർജ്

* 195. [215] ശ്രീ. കെ. പങ്കജാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) വീട്ടാവശ്യത്തിനുപയോഗിക്കുന്ന വെള്ളത്തിന്റെ ചാർജ് വർദ്ധിപ്പിക്കുന്നതിനുള്ള ഏതെങ്കിലും നിർദ്ദേശങ്ങൾ വാട്ടർ അതോറിറ്റിയുടെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനു അംഗീകാരം നൽകാതിരിക്കാൻ നടപടി സ്വീകരിക്കുമോ ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) വീട്ടാവശ്യത്തിനുപയോഗിക്കുന്ന വെള്ളത്തിന്റെ നിരക്കുകൾ പുതുക്കുന്നത് സംബന്ധിച്ച് പഠനം നടത്തിക്കൊണ്ടിരിക്കുകയാണ് ;

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. പങ്കജാക്ഷൻ : വാട്ടർ അതോറിറ്റി രൂപീകരിച്ചപ്പോൾ നിലവിലുണ്ടായിരുന്ന വെള്ളക്കരം വർദ്ധിപ്പിക്കുകയുണ്ടായി. അതോടൊപ്പം ഫ്രീ-അലവൻസിൽ ഉണ്ടായിരുന്ന വ്യത്യാസം കുറവു വരുത്തുകയും ചെയ്തു. ഈ സാഹചര്യത്തിൽ ഇനി വർദ്ധിപ്പിക്കുന്നതിനെപ്പറ്റി പരിഗണിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമോ ?

ശ്രീ. കെ. എം. മാണി : വർദ്ധനവിനെപ്പറ്റി പഠനം നടത്തുന്നതിനേ തീരുമാനിച്ചിട്ടുള്ളു. ഒരു വസ്തുത എല്ലാവരും മനസ്സിലാക്കണം. സാധാരണ തത്വം, ഒരു പ്രോജക്ട് ഉണ്ടെങ്കിൽ അതിന്റെ ചെലവിനാവശ്യമായ വരുമാനം അവിടെ നിന്ന് ഉണ്ടാകണം. ഇപ്പോൾ ഈടാക്കുന്ന നിരക്ക് കൊടുക്കുന്ന വെള്ളത്തിന് വരുന്ന ചെലവ് നേരിടാൻ തികയുന്നില്ല എന്നുള്ളത് ഒരു വസ്തുതയാണ്. അത് കൂട്ടണമോ വേണ്ടയോ എന്നുള്ളത് തീരുമാനിച്ചിട്ടില്ല. ഇപ്പോൾ ലോ റേറ്റാണ്.

ശ്രീ. കെ പങ്കജാക്ഷൻ : വെള്ളത്തിന്റെ ചെലവുമായി പൊരുത്തപ്പെടുന്നതിന് നിരക്ക് വർദ്ധിപ്പിക്കുന്ന സമ്പ്രദായത്തെപ്പറ്റി ആലോചിച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly